ആളുകൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആനുകൂല്യം കേരളത്തിലെ മുഴുവൻ പേർക്കും ലഭിക്കുന്നതിനായി ഭാഗപത്ര രജിസ്ട്രേഷന് മുദ്രവിലയായി ഒരു നിശ്ചിത സംഖ്യ ഈടാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) അല്ലെങ്കിൽ ഒരു ഏക്കർ വരെയുള്ള ഭാഗപത്രം രജിസ്റ്റർ ചെയ്യുമ്പോൾ അതിനെ മുദ്രവിലയിൽ നിന്നും ഫീസിൽ നിന്നും ഒഴിവാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി & ഡി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഒരു ശതമാനമായിക്കുറച്ചിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് കീഴിൽ വരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർ വീട് വയ്ക്കുന്നതിനായി അഞ്ചുസെന്റിൽ താഴെ ഭൂമി വാങ്ങുന്നതിനുള്ള വിലയാധാരങ്ങളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഭാഗ ഉടമ്പടി

194 (6112) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് LA പട്ടയപ്രകാരം പതിച്ചു കിട്ടിയ 10 സെന്റ് ഭൂമി അവകാശികൾക്ക് ഭാഗ ഉടമ്പടി നടത്തിയെടുക്കാൻ നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; അതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് LA പട്ടയപ്രകാരം പതിച്ചുകിട്ടിയ ഭൂമി അവകാശികൾക്ക് ഭാഗ ഉടമ്പടി നടത്തിയെടുക്കാൻ നിയമപരമായ തടസ്സങ്ങൾ ഒന്നുമില്ല. രജിസ്ട്രേഷൻ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ആധാരങ്ങൾ തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കാവുന്നതാണ്.

ആധാരങ്ങളിൽ ഫോട്ടോയും വിരൽപ്പതിപ്പും നിർബന്ധമാക്കിയത്

195 (6114) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആധാരങ്ങളിൽ ഫോട്ടോയും വിരൽപ്പതിപ്പും നിർബന്ധമാക്കിയതുമൂലം വസ്തു രജിസ്ട്രേഷനിൽ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly